10:00 മണി എറണാകുളം, 10:10 എറണാകുളം, 06:30 വാഴാനി ഡാം, പൊന്നാനി ഡിപ്പോയുടെ 05:35 എറണാകുളം ജെട്ടി, 12:20 എറണാകുളം ജെട്ടി എന്നീ ഷെഡ്യൂളുകൾ താൽക്കാലികമായി റദ്ദാക്കിയിട്ടുണ്ട്.

(ബി) കൊടുങ്ങല്ലൂരിൽനിന്നും 13 ഷെഡ്യൂളും ഇരിങ്ങാലക്കുടയിൽ നിന്നും 10-ഉം മാളയിൽനിന്നും 2-ഉം നിലമ്പൂരിൽ നിന്നും 2-ഉം മലപ്പുറത്ത് നിന്നും 2-ഉം മണ്ണാർക്കാട് നിന്നും 1-ഉം ചിറ്റൂർ നിന്നും 2-ഉം പൊന്നാനിയിൽ നിന്നും 6-ഉം തൃശ്ശൂരിൽ നിന്നും 11-ഉം ഗുരുവായൂരിൽനിന്നും 28-ഉം അടക്കം 77 സർവ്വീസുകൾ നടത്തിവരുന്നുണ്ട്.

(സി) ബസ്സ് ലഭ്യമാക്കുമ്പോൾ ഇക്കാര്യം പരിഗണിക്കുന്നതാണ്.

വയലിടയിലേക്കുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസിന്റെ സമയമാറ്റം

253 (7816) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി മണ്ഡലത്തിലെ വയലിടയിലേക്ക് ദീർഘകാലമായി നടത്തിവരുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസുകളിൽ ജൂൺ 28 മുതൽ നടപ്പിലാക്കിയ മാറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ മേഖലയിലെ ജനങ്ങളുടെ നിത്യജീവിതത്തെ സാരമായി ബാധിക്കുന്ന ഷെഡ്യൂൾ മാറ്റം റദ്ദാക്കുന്നതിനും പഴയ സമയക്രമം പുനഃസ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) ഇപ്പോൾ വയലിടയിൽ അവസാനിപ്പിക്കുന്ന റൂട്ട് മണിച്ചേരിവരെ നീട്ടുകയാണെങ്കിൽ ദിവസവരുമാനത്തിൽ കാര്യമായ നേട്ടമുണ്ടാവുമെന്നത് പരിഗണിച്ച് ആയത് നടപ്പിലാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വരുമാനം വളരെ കുറവായതിനാൽ പഴയസ്ഥിതി പുനഃസ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) ഇപ്പോൾ നടപ്പിൽ വരുത്തിയ പുനഃക്രമീകരണം ഗുണകരമാകുമോയെന്ന് വിലയിരുത്തിയതിനുശേഷംമാത്രമെ ടി ഷെഡ്യൂളിൽമാറ്റം വരുത്തുവാൻ കഴിയുകയുള്ളൂ.

മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം

254 (7817) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം ഇപ്പോൾ ഏതുഘട്ടത്തിലാണ് :

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം വകുപ്പുകളുടെ എൻ.ഒ.സി.-യാണ് പദ്ധതിക്ക് ലഭിക്കാനുള്ളത് ; അത് ലഭിച്ചിട്ടുണ്ടോ ;

(സി) പദ്ധതിയുടെ ടെണ്ടർ നടപടികൾ എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്നും നിർമ്മാണം എന്ന് ആരംഭിക്കുമെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) നിർമ്മാണം ആരംഭിച്ചിട്ടില്ല.

(ബി) മലപ്പുറം മുൻസിപ്പാലിറ്റി, ഠൗൺ പ്ലാനിംഗ്, ഫയർ & സേഫ്റ്റി എന്നീ വകുപ്പുകളുടെ അനുവാദം നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായിട്ടുണ്ട്. ഇതിൽ ഠൗൺ പ്ലാനിംഗ്, ഫയർ & സേഫ്റ്റി വകുപ്പുകളുടെ അനുവാദം ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. പെർമിറ്റ് ഫീസായി മുനിസിപ്പാലിറ്റിയിൽ അടക്കേണ്ട തുക അടയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്തുള്ള മരങ്ങൾ മുറിച്ചുമാറ്റി, കെട്ടിടങ്ങൾ പൊളിച്ചുനീക്കി, ആവശ്യമില്ലാത്ത മണ്ണ് നീക്കം ചെയ്ത് 6 മാസത്തിനുള്ളിൽ ദർഘാസ് നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കാസർഗോഡ്, കാഞ്ഞങ്ങാട് ഡിപ്പോകളിലേക്ക് കൂടുതൽ പുതിയ ബസ്സുകൾ

255 (7818) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. പുതുതായി വാങ്ങുന്ന 1500 ബസ്സുകൾ വിവിധ ഡിപ്പോകളിലേക്ക് നൽകുന്നത് എന്തെല്ലാം മാനദണ്ഡങ്ങൾ അനുസരിച്ചാണെന്ന് വ്യക്തമാക്കാമോ ;

(ബി) ആവശ്യത്തിന് ബസ്സുകൾ ഇല്ലാത്ത കാസർഗോഡ്, കാഞ്ഞങ്ങാട് ഡിപ്പോകളിലേക്ക് കൂടുതൽ പുതിയ ബസ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മോട്ടോർ വാഹന നിയമമനുസരിച്ച് സൂപ്പർ ക്ലാസ് വിഭാഗത്തിൽ പെടുന്ന ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള വാഹനങ്ങൾ പരമാവധി 5 വർഷംമാത്രമേ ഈ വിഭാഗത്തിൽ സ്റ്റേജ് കാര്യേജായി സർവ്വീസ് നടത്തുവാൻ കഴിയൂ. ഈ ബസ്സുകൾ മാറ്റി പകരം പുതിയ ബസ്സുകൾ ഇറക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ കെഎസ്ആർടിസി-യുടെ 943 ബസ്സുകൾ 12 വർഷത്തിനുമേൽ പഴക്കമുള്ളവയാണ്. ആരോഗ്യകരമായ ഒരു ഫ്ളീറ്റ് നിലനിർത്തുന്നതിന് ബസ്സുകളുടെ പരമാവധി ആയുസ് 12 വർഷമായി നിജപ്പെടുത്തേണ്ടതുണ്ട്. മേൽപ്പറഞ്ഞരീതിയിൽ അപ്പർ ക്ലാസ് ബസ്സുകൾ

LIBRARY ARCHIVES Kerala Legislative Assembly